ഭരണഭാഷ - മാതൃഭാഷ

**ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ നടപടിക്രമം**
**(ഹാജർ : ശ്രീ.ജോമോൻ.കെ.ജോർജ്ജ്, ബി.ടെക്.)**
**ഉത്തരവ് നമ്പർ. എച്ച്.ഇ.സി.ഇ/431/2023-ബി2 തീയതി: 05/09/2023**

വിഷയം : ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് - ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് II (മെക്കാനിക്കൽ) തസ്തികയിൽ നിന്നും ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് I (മെക്കാനിക്കൽ) തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം : ഈ കാര്യാലയത്തിലെ 02/06/2023 തീയതിയിലെ എച്ച്.ഇ.സി.ഇ/214/2023-ബി2 നമ്പർ ഉത്തരവ്.

ഹാർബർ എഞ്ചിനീയറിംഗ് മദ്ധ്യമേഖല സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിലെ ഒന്നാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ(മെക്കാനിക്കൽ) ആയിരുന്ന ശ്രീ.ഗോപകുമാർ.എസ്-ന് പരാമർശത്തിലെ ഉത്തരവ് പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർ (മെക്കാനിക്കൽ) തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി വിടുതൽ ചെയ്തത് വഴി ഒന്നാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ(മെക്കാനിക്കൽ) തസ്തികയിൽ ഒരു ഒഴിവ് ഉണ്ടായിട്ടുണ്ട്. രണ്ടാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ(മെക്കാനിക്കൽ) മാരിൽ നിന്നും സ്ഥാനക്കയറ്റം വഴിയാണ് പ്രസ്തുത ഒഴിവ് നികത്തേണ്ടത്. രണ്ടാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ(മെക്കാനിക്കൽ) മാരുടെ ഗ്രഡേഷൻ ലിസ്റ്റിലെ സീനിയോറിറ്റി പ്രകാരം ഏറ്റവും സീനിയറായ ദക്ഷിണമേഖല സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിലെ രണ്ടാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ(മെക്കാനിക്കൽ) ശ്രീ.റാഫി.എം.എം-നാണ് സ്ഥാനക്കയറ്റത്തിന് അർഹതയുള്ളത്. ഈ സാഹചര്യത്തിൽ ചുവടെ ചേർക്കുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഹാർബർ എൻജിനീയറിംഗ് ദക്ഷിണമേഖല സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിലെ രണ്ടാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ(മെക്കാനിക്കൽ) ശ്രീ.റാഫി.എം.എം-നെ 37400-79000/- രൂപ ശമ്പളസ്കെയിലിൽ ഒന്നാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ(മെക്കാനിക്കൽ) തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി ഹാർബർ എഞ്ചിനീയറിംഗ് മദ്ധ്യമേഖല സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിലവിലുള്ള ഒഴിവിൽ നിയമിക്കുന്നു. ടിയാൻ ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ 2 വർഷത്തിനുള്ളിൽ 1 വർഷം പ്രൊബേഷനിൽ ആയിരിക്കുന്നതാണ്.

ഒപ്പ്
ചീഫ് എഞ്ചിനീയർ

സ്വീകർത്താവ്

ശ്രീ. റാഫി.എം.എം, രണ്ടാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ(മെക്കാനിക്കൽ)
(മേലധികാരി മുഖേന)

പകർപ്പ് :
1. സൂപ്രണ്ടിംഗ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് ദക്ഷിണമേഖല/ മദ്ധ്യമേഖല
2. എക്സിക്യൂട്ടീവ് എഞ്ചിനീയർ(ഇലക്ട്രിക്കൽ)
3. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ(മെക്കാനിക്കൽ)
4. ചീഫ് എഞ്ചിനീയറുടെ സി.എ.
5. ഐ.റ്റി.സെൽ
6. ഈ കാര്യാലയത്തിലെ ബി3, ബി4 സെക്ഷനുകൾക്ക്

ഉത്തരവിൻപ്രകാരം,

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്